


## "Kerala's Leap into the Future: C-DIT to Lead AVGC-XR Revolution"

The state Government has announced the AVGC-XR (Animation, Visual Effects, Gaming, Comics, and Extended Reality) policy as part of the government's broader strategy to boost these emerging sectors within Kerala. C-DIT has been designated as the nodal agency responsible for establishing a Center of Excellence (CoE) envisaged under the new policy.

The primary goal of the AVGC-XR policy is to transform Kerala into a business-friendly environment for industries related to animation, visual effects, gaming, comics, and extended reality. To achieve this, the government will leverage the combined expertise and resources of various prominent agencies, including Kerala Startup Mission, KSIDC, KSFDC, Kerala Digital University, C-DIT, K-fone, K-DISC and the Kerala Knowledge Economy Mission, as well as the private industry. The policy sets ambitious targets to create 50,000 new jobs by 2029 by establishing at least 250 companies and take up skill development and education in this sector. This initiative will not only solidify C-DIT's role as a leader in cutting-edge technology but will also position Kerala as a major hub for the AVGC-XR industries in the coming years.

Key officials from C-DIT, including the Director, Registrar, and the Head of the Animation Department visited the COE in AVGC set up by the Karnataka government in Bengaluru, on 16th August 2024, and interacted with the officials for getting inputs for rolling out similar initiatives in our state.



Shri Jayadev Anand A.K
Registrar, C-DIT

### From the Registrar's Desk

We came through the waves of personal computers, Internet and mobile computing experiences. Now the fourth wave of Augmented Reality (Artificial Intelligence + Virtual Reality) has begun.

As we step into another season, we're poised to witness a revolutionary shift in the digital landscape. AI is no longer a futuristic concept, but a present-day reality that's transforming the fabric of our industry. The coming year, we're excited to embrace AI's vast potential, particularly in AR and IT Services, where it will enable us to craft immersive experiences, automate processes, and unlock unprecedented efficiency. In Digital Media, AI-driven innovations will empower us to create personalized content, predict audience preferences, and redefine engagement.

We're committed to harnessing AI's power to drive innovation, foster creativity, and deliver cutting-edge solutions that propel our clients forward. Be reskilled and prepared!


Editorial Board

Chief Editor : **Jayaraj G**, Director, C-DIT | Editor : **Jayadev Anand A K** , Registrar, C-DIT
Editorial Team : GopiKrishnan A R, Arunima Nath U U, Anuja V Nair
Design and Layout – Sudheer P Y, Shiju Francis, Syamlal S S
Printed and Published by : Publication Department, C-DIT, Chithranjali Hills, Thiruvallam.P O, Thiruvananthapuram, Kerala - 695 027, India
Phone: 0471 2380910 | 2383506 | www.cdit.org | headoffice@cdit.org


*For private circulation only*

സി-ഡിറ്റ്
C-DIT
www.cdit.org




# images

Newsletter of
Centre for Development of Imaging Technology

September 2024



Shri. Jayaraj G
Director, C-DIT

# From the Director's Desk

The period after the marking of the last foundation day of C-DIT has seen exciting developments in the sphere of our activities in various fronts. There have been some tremendous achievements also at the individual and team levels. C-DIT has continued to play its rightful role as a member of the Kerala IT team under the Electronics & IT Department, in the march towards digital transformation of the Kerala society and development of a knowledge economy.

Firstly, C-DIT has taken up for the Commissioner of Entrance Examinations and successfully implemented the conduct of the first ever online examination for the Kerala Engineering and Pharmacy courses (better known as KEAM) of the year 2024. The software team headed by Biju S B and Kavitha T K developed the additional modules for making the KEAM exam online; the project management team led by Aravind R, Krishnakumar S, Renjin Bose R K and others carefully made the plans for the execution within a very short span of time and the cross sectional implementation teams comprising the staff from almost all the departments in C-DIT, put up united and tireless efforts over a period of one week and more, to realise the plans without any major hitches. An innovative feature of the examination was the adoption of the remote boot technology for connecting with a single mouse click all the computer systems in over 160 colleges spread across the state and abroad, which won great appreciation and praise from the users. Congratulations to all the team members!

Informatics division continued to excel in the improvement of the online examination software developed in 2013, by customising it with innovative features for the online recruitment process of a host of agencies in the public sector. Online grievance handling portals have been developed and deployed for two Ministers and a few other government departments, opening a fast and transparent process for redress of complaints of the citizens. The high security printing facility for the Beverages Corporation working in our premises saw the installation of advanced machinery along with addition of multiple security features including QR codes for the hologram labels. Digitisation of the land deal records in the sub registrar offices is progressing at a tremendous pace in all the districts. Live telecast of the lottery draws and the weekly news magazine Navakeralam have continued with added features. Unified communication campaigns including multi media event management programmes were successfully undertaken for many organisations bringing a lot of revenue. Web and Social Media communication projects for various organisations were undertaken by the Webservices team. The period also saw a quantum jump in the cloud services provided by C-DIT to various institutions. The Malayalam computing team under the aegis of the R&D division has developed a new text mining tool for Malayalam and has facilitated the design and launching of new unicode fonts in Malayalam. Building up on our expertise in supporting e-governance implementation projects in the state, we have also ventured into providing surveillance solutions also in a big way, which has great business potential. Certificates issued for C-DIT's IT courses will have NORKA attestation from this year which will boost the employment prospects.

Happy to inform you all that C-DIT has been entrusted with the task of coordinating the setting up a Centre of Excellence in Animation. Visual Effects, Gaming, Comics & Extended Reality in Thiruvananthapuram, under the ambit of the new AVGC-XR policy announced by the Government of Kerala. The animation team working as part of the Communication group is being geared up to take up the challenge.

Pay revision for the employees drawing state and central scales have been sanctioned giving a boost to their monthly take-home. Some promises are taking more time to realise, the finalisation of the special rules for the promotion of regular employees being one. We hope to achieve success on this also soon. Introduction of an accident insurance cover and a comprehensive family health insurance scheme for all the employees is in the final stages.

Innovation, dedication and professionalism in the works undertaken for various client departments has been the hall marks of C-DIT's style of functioning. We have to maintain these standards and strive to do better in future. Let us take a pledge that each one of us will leave no stone unturned to upskill knowledge in his/her domain and redouble our commitment to achieve more success, bringing more laurels to the institution.

# INSIDE


1. കീം ഓൺലൈൻ പരീക്ഷ നടത്തിപ്പിന് ഒന്നാം റാങ്ക് ........ 4
2. 17 കോടിയിലധികം പേജുകൾ! ഡിജിറ്റൈസേഷൻ ഡൺ ........ 6
3. Delivering Digital Colours beyond the Screen ........ 8
4. പി. ജി. അനുസ്മരണം ........ 9
5. CDIT's R&D Division Making Waves ........ 9
6. മികച്ച കരിയറിനായി സി-ഡിറ്റ് കോഴ്സുകൾ ........ 10
7. നവകേരളസദസ് പോർട്ടൽ ആറ് ലക്ഷത്തിലധികം പരാതികൾ കൈകാര്യം ചെയ്തു ........ 12
8. LSG & EXCISE മന്ത്രിയുടെ പരാതി പരിഹാര പോർട്ടൽ ........ 12
9. നവീകരിച്ച സി എം ഒ പോർട്ടൽ: ലളിതം സുതാര്യം ........ 13
10. ഡിജിറ്റൽ ലൈബ്രറിയും സ്മാർട്ട് ക്ലാസ് റൂമും ........ 13
11. C-DIT Marks 35 Years of Excellence in Service ........ 14
12. കുറഞ്ഞ ചെലവിലൊരു ചൊവ്വാ യാത്ര ! ........ 15
13. കേരളത്തെ മുന്നിലെത്തിച്ച് സി-ഡിറ്റിന്റെ സോഷ്യൽ മീഡിയ കാമ്പയിനുകൾ ........ 16
14. കോർപ്പറേറ്റ് പരിശീലനം നൽകി സൈബർശ്രീ ........ 16
15. അത്യാധുനിക പ്രിന്റിംഗ് മെഷീൻ സ്വിച്ച് ഓൺ കർമ്മവും ടാക്സ് ലേബൽ പ്രകാശനവും ........ 17
16. കേരളത്തിന്റെ ദൃശ്യ മഹോത്സവത്തിന് മിഴിവേകി സി-ഡിറ്റ് ജൈത്രയാത്ര തുടരുന്നു ........ 18
17. ഇവന്റ് മാനേജ്മെന്റിൽ പൂർണതയുടെ മികവ് ........ 19
18. C-DIT Regional Centres; Decentralising Support for E-governance ........ 20
19. Kerala's Suneethi portal won Silver ........ 21
at ET Government DigiTech Awards ........ 22
20. Events & Achievements ........
21. C-DIT to lead AVGC XR Revolution ........ 24

# കീം ഓൺലൈൻ പരീക്ഷാ നടത്തിപ്പിന് ഒന്നാം റാങ്ക്

സംസ്ഥാനത്തെ ആദ്യ ഓൺലൈൻ കീം (കേരള എഞ്ചിനീയറിങ് ആർകിടെക്ച് മെഡിക്കൽ) പരീക്ഷ വളരെ കുറ്റമറ്റ രീതിയിലും മാതൃകാപരമായും സി-ഡിറ്റ് നടപ്പിലാക്കി. ആറ് ദിവസങ്ങളിലായി 79,044 പേർ എഴുതിയ പരീക്ഷ ഈ വർഷം ആദ്യമായാണ് ഒ.എം.ആർ. രീതിയിൽ നിന്നും കമ്പ്യൂട്ടർ അധിഷ്ഠിതമായി (Computer Based Testing) നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ വിവിധ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷയായ കീം ഓൺലൈനായി നടത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ വളരെ വിപുലമായിത്തന്നെ പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയവും (CEE) സി-ഡിറ്റും നടത്തിയിരുന്നു.



ഇത്രയും വലിയൊരു ഓൺലൈൻ പരീക്ഷ പൊതുമേഖലാസ്ഥാപനം ആദ്യമായി ഏറ്റെടുക്കുകയും വിജയകരമായി നടത്തുകയും ചെയ്തുവെന്ന ചരിത്രം കൂടിയാണ് ഇതിലൂടെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ആവശ്യമായ വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ മൊഡ്യൂളുകൾ വികസിപ്പിച്ച് വിന്യസിച്ചത് കൂടാതെ പരീക്ഷാ കേന്ദ്രങ്ങൾ തിരഞ്ഞെടുക്കുന്നത് മുതൽ പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുന്നത് വരെയുള്ള എല്ലാ ഘട്ടങ്ങളിലും സി-ഡിറ്റ് സാങ്കേതിക സഹായം ലഭ്യമാക്കിയിരുന്നു.

സി-ഡിറ്റിൽ നിന്നുള്ള ടെക്നിക്കൽ ടീം നേരിട്ടെത്തി സർവ്വേ നടത്തിയാണ് പരീക്ഷാകേന്ദ്രങ്ങൾ തിരഞ്ഞെടുത്തത്. സുരക്ഷിതത്വത്തിനായി വി പി എൻ സംവിധാനവും റിമോട്ട് ബൂട്ടിങ്ങും നടപ്പിലാക്കി. റിമോട്ട് ബൂട്ടിങ് സംയോജിപ്പിക്കുന്നതിനായി സി ബി ടി സോഫ്റ്റ് വെയർ നവീകരിക്കുകയും പരീക്ഷാ കേന്ദ്രങ്ങൾ കൈകാര്യം ചെയ്യുന്നതിനായി സെന്റർ മാനേജ്മെന്റ് മൊഡ്യൂൾ വികസിപ്പിക്കുകയും വിദ്യാർഥികളെ പരീക്ഷയിലേക്ക് പ്രവേശിപ്പിക്കുന്നതിനായി സെന്റർ അലോക്കേഷൻ മൊഡ്യൂൾ തയ്യാറാക്കുകയും ചെയ്തു. പരീക്ഷയ്ക്ക് മുന്നോടിയായി അക്ഷയയുമായി ചേർന്ന് വിദ്യാർഥികളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ചു. പെർസെന്റൈൽ രീതി അവലംബിച്ച് പരീക്ഷയിലെ ഫലങ്ങൾ ഏകീകരിക്കുകയും മൂല്യനിർണയം 'നോർമലൈസ്' ചെയ്യുകയും ചെയ്തു.







അതീവ സുരക്ഷാ മുൻകരുതലുകൾ പരീക്ഷയുടെ എല്ലാ ഘട്ടത്തിലും ഉറപ്പുവരുത്തി. കേരളത്തിന് പുറത്ത് ഡൽഹി, മുംബൈ, ദുബായ് എന്നിവിടങ്ങളിലും പരീക്ഷാ കേന്ദ്രങ്ങൾ സജ്ജീകരിച്ചിരുന്നു.

യാതൊരു വിധ പരാതികൾക്കും ഇട നൽകാതെ നിശ്ചയിച്ച സമയത്ത് തന്നെ പരീക്ഷാ ഫലം പ്രഖ്യാപിക്കാൻ വേണ്ട സഹായം നൽകാനും സി-ഡിറ്റിന് സാധിച്ചു. സി-ഡിറ്റിന്റെ ഇൻഫർമാറ്റിക്സ് ഡിവിഷനാണ് പ്രോജക്ടിന്റെ പ്രധാനചുമതലകളെല്ലാം വഹിച്ചത്. പരീക്ഷാ നടത്തിപ്പിനായി സി-ഡിറ്റിന്റെ വിവിധ ഡിപ്പാർട്ട്മെന്റുകളിൽ നിന്നും, പ്രാദേശിക കേന്ദ്രങ്ങളിൽ നിന്നുമുള്ള പരിശീലനം ലഭിച്ച ജീവനക്കാർ എല്ലാ ജില്ലകളിലും ടെക്നിക്കൽ സപ്പോർട്ട് ചുമതലകൾ വഹിച്ചു.

## ലളിതം സുതാര്യം

പുതിയ ഓൺലൈൻ സംവിധാനത്തിലൂടെ പരീക്ഷ വളരെ ലളിതമായി പൂർത്തിയാക്കാൻ സാധിച്ചതായി വിദ്യാർഥികൾ സർവേയിൽ അഭിപ്രായപ്പെട്ടു. പരീക്ഷയ്ക്കിടയിൽ ഉണ്ടായേക്കാവുന്ന എല്ലാ തരം പ്രതിസന്ധികളേയും മുൻകൂട്ടി കാണുകയും അവയ്ക്കെല്ലാമുള്ള പരിഹാര സംവിധാനങ്ങൾ സജ്ജമാക്കുകയും ചെയ്തിരുന്നതിനാൽ യാതൊരു വിധത്തിലുള്ള പരാതികൾക്കും ഇട വന്നില്ല. കേരളത്തിൽ 78,513 പേർ 198 കേന്ദ്രങ്ങളിലായി പരീക്ഷയിൽ പങ്കെടുത്തു. എറണാകുളം, തിരുവനന്തപുരം ജില്ലകളിലാണ് ഏറ്റവും കൂടുതൽ വിദ്യാർഥികൾ പങ്കെടുത്തത്. ദുബായിൽ 285 പേരും ഡൽഹിയിൽ 158 പേരും മുംബൈയിൽ 88 പേരും പരീക്ഷയിൽ പങ്കെടുത്തു

# 17 കോടിയിലധികം പേജുകൾ! ഡിജിറ്റൈസേഷൻ ഡൺ

രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിന് വേണ്ടി ഇതിനോടകം സി-ഡിറ്റ് ഡിജിറ്റൈസ് ചെയ്തത് 17 കോടിയിലധികം പേജുകൾ വരുന്ന ആധാരപകർപ്പുകൾ. കേരളത്തിലെ മുഴുവൻ സബ് രജിസ്ട്രാർ ഓഫീസുകളിലേയും 1968 മുതലുള്ള



ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ നടപ്പാക്കിവരുന്നതിന്റെ ഭാഗമായാണ് ഇതിനോടകം ഇത്രയും പേജുകൾ ഡിജിറ്റൈസ് ചെയ്തത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, എറണാകുളം, പത്തനംതിട്ട ജില്ലകളിലെ ആധാര പകർപ്പുകൾ ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞു. അവയുടെ ഓൺലൈൻ പകർപ്പുകൾ രജിസ്ട്രേഷൻ ഡിപ്പാർട്ടമെന്റ് ലഭ്യമാക്കിയിട്ടുമുണ്ട്. മറ്റ് ജില്ലകളിലെ ഡിജിറ്റൈസേഷൻ പൂർത്തീകരിച്ചു വരികയാണ്.



കാസർഗോഡ് ജില്ലയിലെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലെയും മുൻ ആധാരങ്ങൾ പൂർണമായും ഡിജിറ്റൽ രൂപത്തിലേക്ക് ആയതിന്റെ ഉദ്ഘാടനം ബഹു: രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിച്ചിരുന്നു. നിലവിൽ കാസർഗോഡ് ജില്ലയിലെ മുഴുവൻ ആധാര പകർപ്പുകളും ആവശ്യക്കാർക്ക് ഓൺലൈൻ വഴി ലഭ്യമാണ്. ജില്ലയിൽ 72.18 ലക്ഷം പേജുകളിലായി 16.50 ലക്ഷം ആധാര പകർപ്പുകളാണ് ഓൺലൈനിൽ ലഭ്യമാക്കിയിരിക്കുന്നത്.

## പഴയപാഠങ്ങൾ വീണ്ടും പഠിക്കാം

പഴയ പാഠപുസ്തകങ്ങൾ വീണ്ടും കാണണോ? വഴിയുണ്ട്. 1896 മുതൽ പൊതു വിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള 1250-ൽ പരം പാഠപുസ്തകങ്ങൾ സി-ഡിറ്റ് ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്.



ഇവ പൊതുജനങ്ങൾക്ക് ഓൺലൈനിൽ ലഭ്യമാക്കിയതിന്റെ ഉദ്ഘാടനം 2024 ഫെബ്രുവരി 3-ന് ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടി എസ്. സീ. ഇ. ആർ. ടി. യിൽ വച്ച് നിർവഹിച്ചു. എസ്. സീ. ഇ. ആർ. ടി. വെബ്സൈറ്റിൽ ഇവ ലഭ്യമാണ്.







## രേഖകൾ ഇനി പൊടിഞ്ഞുപോകില്ല

കാലപ്പഴക്കം കൊണ്ട് പൊടിഞ്ഞുപോകുന്ന രേഖകളുടെ സംരക്ഷണത്തിനായി സി-ഡിറ്റിന്റെ ഡിജിറ്റൈസേഷൻ ഡിപ്പാർട്ട്മെന്റിൽ **'കൺസെർവേഷൻ ലാബ്'** പ്രവർത്തനം ആരംഭിച്ചു. നിലവിൽ ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലെ വിവിധ സബ് രജിസ്ട്രാർ ഓഫീസുകളിലെ ആധാരങ്ങളുടെ കൺസെർവേഷൻ ചുമതല ഏറ്റെടുത്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ 10 സബ് രജിസ്ട്രാർ ഓഫീസുകളിലെ 74 വാല്യങ്ങളിലെ ആധാരങ്ങൾ കൺസേർവഷൻ പദ്ധതിയിലൂടെ പുനഃസംരക്ഷിക്കുകയും രജിസ്ട്രേഷൻ വകുപ്പിന് കൈമാറുകയും ചെയ്തു. സി-ഡിറ്റിന്റെ സിറ്റി സെന്റർ ഓഫീസിലാണ് ലാബ് പ്രവർത്തിക്കുന്നത്.



# Delivering Digital Colours beyond the Screen

With over three decades of technological expertise, C-DIT continues to guide Kerala toward a future driven by innovation and knowledge-based growth. At the forefront of this mission is the Web Services Department (WSD), which manages over 300 websites annually, each serving as a vital digital gateway.

This year, WSD has reached remarkable milestones by launching several websites that enhance e-governance and public service delivery across the state. Highlights include the website for the Institute for **Climate Change Studies (ICCS)** (kscste.kerala.gov.in), which empowers Kerala to combat climate change, and the **K-SOTTO portal** (ksotto.kerala.gov.in) — an innovative online facility in the health sector that ensures equitable access to organ and tissue transplants. Additionally, WSD developed websites for the **Sainik Welfare Department** (sainikwelfare.kerala.gov.in), **Ranga Kala Kendram** (cpavarkala.org), and the **Srinivasa Ramanujan Institute for Basic Sciences (SRIBS)** (sribs.kerala.gov.in), each supporting unique aspects of Kerala's community and cultural life.

WSD's contributions extend beyond new projects to the revamping of key websites, ensuring they meet current technical and security standards. The revamped websites include those for the **Energy Management Centre Kerala** (keralaenergy.gov.in), **Kerala SIDCO** (www.keralasidco.com), the **Kerala State Homoeopathic Co-operative Pharmacy Ltd. (HOMCO)** (homcokerala.com), and **Haritha Keralam Mission** (haritham.kerala.gov.in). The division has also launched a new website for **Kerala Bank** (keralabank.co.in), designed to support various economic segments. The web portal of the Kerala Bhasha Institute, which is nearing its official launch, is expected to offer a wealth of resources for readers interested in linguistic diversity, cultural heritage, and language preservation. The portal features an e-kart facility similar to Amazon's bookstore, complete with search, discounts, and online payment options.

Furthermore, WSD's expertise is showcased not only through the development of websites but also through the organization and coordination of culturally significant events such as the **International Documentary and Short Film Festival of Kerala (IDSFFK)** (idsffk.in) and the **International Film Festival of Kerala (IFFK)** (iffk.in). Expanding its wings to website design, live streaming, cloud services, server administration, strategic social media campaigns, and e-learning platforms, C-DIT's Web Services Department stands as a testament to the organization's commitment to driving technological innovation and digital transformation in Kerala.








# പി ജി അനുസ്മരണം

"സുസ്ഥിര സമൂഹ സൃഷ്ടിയിൽ അറിവ് സുപ്രധാനം

–ഡോ.വി. പി. ജോയ് ഐ.എ.എസ് .

സി-ഡിറ്റിന്റെ ആഭിമുഖ്യത്തിലുള്ള അഞ്ചാമത് പി.ഗോവിന്ദപ്പിള്ള സ്മാരക പ്രഭാഷണം 2023 നവംബർ 22-ന് ഗോർഖി ഭവനിൽ സംഘടിപ്പിച്ചു. മുൻ ചീഫ് സെക്രട്ടറി ഡോ. വി. പി. ജോയ് ഐ.എ.എസ് ചടങ്ങിൽ മുഖ്യാതിഥിയായി. പുതിയ ലോക ക്രമത്തിൽ വികസനമെന്നത് സുസ്ഥിര വികസനമാണെന്നും ഇത് നേടിയെടുക്കുന്നതിന് അറിവ് പ്രധാനമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. 'കേരളം വൈജ്ഞാനിക സമൂഹത്തിലേക്ക് ' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

അറിവിന്റെ കൈമാറ്റത്തിലധിഷ്ഠിതമായ വൈജ്ഞാനിക സമൂഹത്തിന് മാത്രമേ ഒരു സുസ്ഥിര സമൂഹമായി രൂപപ്പെടാൻ സാധിക്കൂ. എല്ലാവരിലും വിവരങ്ങൾ എത്തുന്ന തരത്തിൽ ഡിജിറ്റൽ വിടവ് ഇല്ലാതാക്കുന്നതിൽ കേരളം ഏറെ മുന്നേറിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അറിവിനെ ക്രിയാത്മകമായി ഉപയോഗപ്പെടുത്തുന്നതിലൂടെയാണ് യഥാർഥത്തിൽ ഒരു വൈജ്ഞാനിക സമൂഹം രൂപപ്പെടുന്നത്. ചടങ്ങിൽ സി-ഡിറ്റ് ഡയറക്ടർ ജയരാജ് ജി അധ്യക്ഷനായി. രജിസ്ട്രാർ ജയദേവ് ആനന്ദ് എ കെ, ഡെപ്യൂട്ടി ഡയറക്ടർ മനോജ് കൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

# CDIT's R&D Division MAKING WAVES

The Research and Development (R&D) Division at C-DIT is at the forefront of advancing Malayalam computing solutions for the Government of Kerala and other organizations. With a focus on innovation in language technology, the division has made significant contributions, including designing Malayalam fonts for digital platforms, launching the **Entemalayalam** website for NORKA to aid non-resident Keralites in learning the language, and developing the **Bhashamithram online dictionary** for Kerala State IT Mission. The division's recent collaborating with Thunchath Ezhuthachan Malayalam University, formalized through an MoU on 19 January 2024, marks a new chapter in their commitment to developing culturally tailored software and fostering joint research and training in Malayalam language technology.

Continuing its tradition of excellence, the R&D Division has recently made strides in several key projects. Noteworthy achievements include the release of new Malayalam fonts—**Thumba, Mandharam, Parijatham, Pichakam, Chempakam, Kadamp,** and **Maathalam**—each offering unique stylistic options. The division also developed a Text Mining tool for Malayalam, aiding in real-time analysis of vast data sets, which was showcased in a research paper at the International Conference on FOSS-CIL T24. Ongoing projects include a research portal for Malayalam Language Computing and the bilingual chatbot **"Samvedhini"** for government websites. Recognized for its outstanding contributions, the **BhashaPratibha Award** for 2023 was awarded to C-DIT by the Malayalam Mission, affirming its leading role in advancing Malayalam language technology. C-DIT is a recognized research centre of the University of Kerala approved by Dept. of Scientific and Industrial Research.



# മികച്ച കരിയറിനായി സി-ഡിറ്റ് കോഴ്സുകൾ

കേരളത്തിലെ എല്ലാ ജില്ലകളിലുമായി വ്യാപിച്ച് കിടക്കുന്ന ഇരുന്നൂറിൽപരം അംഗീകൃത പഠന-പരിശീലന കേന്ദ്രങ്ങളിലൂടെ ഉന്നതനിലവാരത്തിലുള്ള ഐ.ടി. അധിഷ്ഠിത കോഴ്സുകൾ സി-ഡിറ്റ് നൽകി വരുന്നു. പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ, അഡ്വാൻസ്ഡ് ഡിപ്ലോമ, ഡിപ്ലോമ, സർട്ടിഫിക്കറ്റ് തലങ്ങളിലുള്ള മുപ്പതിലധികം തൊഴിലധിഷ്ഠിത ഐ.ടി കോഴ്സുകളാണ് നടത്തിവരുന്നത്. ഇവ ഡിഗ്രിതലത്തിൽ വാല്യൂ ആഡഡ് കോഴ്സുകളായും കേരളത്തിലെ വിവിധ അഫിലിയേറ്റഡ് കോളേജുകളിൽ നടപ്പിലാക്കി വരുന്നുണ്ട്.

സി-ഡിറ്റ് കോഴ്സുകൾ സർക്കാർ ജോലിക്ക് അധികയോഗ്യതയായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. പി.എസ്.സി., സംസ്ഥാന സഹകരണ പരീക്ഷാ ബോർഡ് എന്നിവയുടെ അംഗീകാരമുള്ളതും പി.എസ്.സിയുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പോർട്ടലിൽ ലഭ്യമായിട്ടുള്ളതുമാണ്. മൂന്നുലക്ഷത്തോളം വിദ്യാർത്ഥികൾ ഇതിനോടകം വിവിധ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. അവരിൽ പലരും സർക്കാരിലും പൊതുമേഖലയിലും സ്വകാര്യ മേഖലയിലും മികച്ച ജോലിയും നേടിയിട്ടുണ്ട്. സി-ഡിറ്റ് സർട്ടിഫിക്കറ്റുകൾക്ക് കേന്ദ്രസർക്കാരിന്റെ എച്ച്.ആർ.ഡി. അറ്റസ്റ്റേഷൻ നോർക്കയുടെ കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം ഓഥന്റിക്കേഷൻ ഓഫീസുകൾ വഴി ലഭ്യമാണ്.





## പരിശീലനം നേടാം തൊഴിലവസരങ്ങൾ കണ്ടെത്താം

വിവിധ സർക്കാർവകുപ്പുകളുടെ കോർപ്പറേറ്റ് പരിശീലന പരിപാടികളും സർക്കാർ സാമ്പത്തിക സഹായത്തോടെ നിർദ്ദിഷ്ട ടാർഗെറ്റ് ഗ്രൂപ്പിനെ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന കമ്പ്യൂട്ടർ തൊഴിലധിഷ്ഠിത പദ്ധതികളും ടെക്നോളജി എക്സ്റ്റൻഷൻ ഡിവിഷൻ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്.



ഇരുനൂറിലധികം വരുന്ന പഠന-പരിശീലന പങ്കാളികളുടെ വിപുലമായ ശൃംഖലയിലൂടെയും അഫിലിയേറ്റഡ് കോളേജുകളിലൂടെയും വിവിധ ഐ.ടി / ഐ .ടി .ഇ .എസ് കോഴ്സുകളിൽ പരിശീലനം നൽകുന്നുണ്ട്. പ്രാദേശിക കമ്പ്യൂട്ടർ സെൻററുകളെ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയും ഗുണനിലവാരം വിലയിരുത്തിയുമാണ് പരിശീലന പങ്കാളികളായി അഫിലിയേഷൻ നൽകുന്നത്.

പാഠ്യപദ്ധതി, കരിക്കുലം, പരിശീലന സാമഗ്രികൾ എന്നിവ വിദഗ്ധരടങ്ങുന്ന കമ്മറ്റി തയ്യാറാക്കുകയും കാലാനുസൃതമായി പുതുക്കുന്നതുമാണ്.

കാഴ്ചപരിമിതർക്കായി കേരളത്തിൽ ആദ്യമായി അസ്സ-ബാഹ് സൊസൈറ്റി ഫോർ ദി ബ്ലൈൻ്റുമായി സഹകരിച്ച് കോഴ്സുകൾ നടത്തുന്നതിനും സി-ഡിറ്റ് തുടക്കമിട്ടു കഴിഞ്ഞു.



IT/ ITES കോഴ്സുകൾ CEP/ CAEP പ്രോഗ്രാം എന്നിവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി സന്ദർശിക്കൂ

www.tet.cdit.org

മീഡിയാ കോഴ്സുകളെ സംബന്ധിച്ചുള്ള വിവരങ്ങൾക്കായി സന്ദർശിക്കാം :

www.mediastudies.cdit.org



## നൈപുണ്യ വികസനവും തൊഴിലവസരങ്ങൾ സൃഷ്ടിക്കലും

സി-ഡിറ്റിനായി സെക്ടർ സിനർജി ട്രെയിനിംഗ് പാർട്ണർമാരെ (SSTP) തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ഡിവിഷനിൽ പുരോഗമിച്ചു വരുന്നു. സി-ഡിറ്റുമായി സഹകരിച്ച് വിവിധ മേഖലകളിൽ സംയോജിത നൈപുണ്യ പരിശീലന പരിപാടികൾ നടത്തുകയാണ് ഉദ്ദേശം. തൊഴിൽദാതാക്കളുടെ ആവശ്യപ്രകാരം പ്രത്യേക വൈദഗ്ധ്യം നൽകി തൊഴിലവസരം വർദ്ധിപ്പിക്കുക, കാലികമായ വ്യവസായ പരിജ്ഞാനം നൽകി വ്യക്തികളെ സജ്ജരാക്കുക എന്നിവയാണ് ഈ പ്രോഗ്രാമിന്റെ ലക്ഷ്യം. സ്വയം തൊഴിൽ പദ്ധതികൾ തുടങ്ങാൻ വ്യക്തികളെ പ്രാപ്തരാക്കാനും അതുവഴി മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഇതിലൂടെ സാധിക്കും. അനുയോജ്യരായ SSTP-കളെ കണ്ടെത്തുന്നതിനുള്ള പ്രാഥമിക ഘട്ടത്തിലാണ് പ്രവർത്തനങ്ങൾ.

# നവകേരളസദസ് പോർട്ടൽ
# 6 ലക്ഷത്തിലധികം പരാതികൾ കൈകാര്യം ചെയ്തു

നവകേരളസദസിലെത്തുന്ന പരാതികൾ കൈകാര്യം ചെയ്യുന്നതിനായി തയ്യാറാക്കിയ പോർട്ടലിലൂടെ (navakeralasadas.kerala.gov.in) കൈകാര്യം ചെയ്തത് 6,43,110 പരാതികൾ. മുഖ്യമന്ത്രിയും മന്ത്രിമാരും ജനങ്ങളുമായി സംവദിക്കുന്ന 'നവകേരള സദസി'ൽ ലഭിച്ച പരാതികൾ പരിഹരിക്കുന്നതിനുള്ള പോർട്ടലാണിത്. പരാതി പരിഹാരത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനും അതിവേഗം തീർപ്പാക്കുന്നതിനുമായുള്ള ജില്ലാ, സംസ്ഥാനതല മോണിറ്ററിങ് സംവിധാനം പോർട്ടലിൽ ഒരുക്കിയിരുന്നു. പരാതിയുടെ ഓരോ ഘട്ടവും എസ്.എം.എസ്., ഇ-മെയിൽ മുഖേന പരാതിക്കാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. പരാതി തീർപ്പാക്കുമ്പോൾ റിപ്പോർട്ട് സഹിതം പരാതിക്കാർക്ക് ഇ-മെയിൽ ലഭിക്കും. പരാതിയുടെ സ്ഥിതി പോർട്ടലിലൂടെ തിരഞ്ഞു കണ്ടെത്താനും സാധിക്കും. സി-ഡിറ്റിന്റെ സിസ്റ്റം ഇന്റഗ്രേഷൻ ഡിപ്പാർട്ട്മെന്റാണ് പോർട്ടൽ രൂപകൽപന ചെയ്ത് സാങ്കേതിക സേവനം നൽകിയിരിക്കുന്നത്.



## LSG & EXCISE
## മന്ത്രിയുടെ പരാതി പരിഹാര പോർട്ടൽ



തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രിക്ക് ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്നതിനായി പോർട്ടൽ (min.lsgexcise.kerala.gov.in) 2023 നവംബർ മുതൽ നിലവിൽ വന്നു. മന്ത്രിക്ക് ലഭിക്കുന്ന പരാതികൾ പോർട്ടൽ വഴിയാണ് കൈകാര്യം ചെയ്യുന്നത്. പരാതിയുടെ ഓരോ ഘട്ടവും എസ്.എം.എസ്, ഇ-മെയിൽ എന്നിവ മുഖേന പരാതിക്കാർക്ക് അറിയാൻ സാധിക്കും.





# നവീകരിച്ച സി എം ഒ പോർട്ടൽ
# ലളിതം, സുതാര്യം

പൊതുജന പരാതി പരിഹാരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൂടുതൽ സുതാര്യവും ലളിതവുമാകുന്ന രീതിയിൽ സി.എം.ഒ പോർട്ടൽ (https://cmo.kerala.gov.in/) നവീകരിച്ചു. സിസ്റ്റം ഇന്റഗ്രേഷൻ ഡിപ്പാർട്മെന്റിന്റെ മേൽനോട്ടത്തിലാണ് പോർട്ടൽ പരിഷ്കരിച്ചത്. 2024 മാർച്ച് 4-ന് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പുതുക്കിയ പോർട്ടലിന്റെ ഉദ്ഘാടനം നിർവഹിച്ചു.

മലയാളത്തിന് പുറമെ ഇംഗ്ലീഷും നവീകരിച്ച പതിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരാതിയോ അപേക്ഷയോ നൽകുന്നവർക്ക് എവിടെ നിന്നും തത്സ്ഥിതി പരിശോധിക്കാനുള്ള സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്. നടപടി തുടരുന്നതും തീർപ്പാക്കിയതുമായ പരാതികൾ സംബന്ധിച്ച് പരാതിക്കാർക്ക് പ്രതികരണം അറിയിക്കാനുള്ള സംവിധാനവുമുണ്ട്. പരാതി കൈകാര്യം ചെയ്യുന്ന ചാർജ്ജ് ഓഫീസറുടെ വിവരങ്ങളും പോർട്ടലിലൂടെ അറിയാം.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് സഹായം ലഭിക്കുന്നതിനാവശ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റ് ഇ-ഹെൽത്ത് സംവിധാനം മുഖേന ലഭ്യമാക്കുന്നു. ഇ-ഹെൽത്ത് ഇൻറഗ്രേഷനിലൂടെ ഡോക്ടർമാർ ഇ-ഹെൽത്ത് മോഡ്യൂൾ മുഖേന അപ്‌ലോഡ് ചെയ്യുന്ന സർട്ടിഫിക്കറ്റുകൾ ദുരിതാശ്വാസ സഹായത്തിനായുള്ള അപേക്ഷകളുടെ പരിശോധനക്ക് ലഭ്യമാക്കാനുള്ള സൗകര്യവും നിലവിലുണ്ട്.



# ഡിജിറ്റൽ ലൈബ്രറിയും സ്മാർട്ട് ക്ലാസ്റൂമും

എറണാകുളം എം.പി. ശ്രീ. ഹൈബി ഈഡന്റെ MPLADS ഫണ്ടിൽ ഉൾപ്പെടുത്തി പട്ടികവർഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എറണാകുളത്തെ മൾട്ടി പർപ്പസ് ഗേൾസ് ഹോസ്റ്റലിൽ ഡിജിറ്റൽ ലൈബ്രറിയും സ്മാർട്ട് ക്ലാസ് റൂമും സ്ഥാപിച്ചു. പട്ടിക വർഗ വികസന വകുപ്പിനുവേണ്ടി ഈ പദ്ധതി പൂർത്തീകരിച്ചത് സി-ഡിറ്റ് ആണ്.

**ഡിജിറ്റൽ ലൈബ്രറി സജ്ജീകരിക്കൽ** : ഇ-ലൈബ്രറി പോർട്ടൽ മുഖേന പുസ്തകങ്ങളുടെ ഡിജിറ്റൽ ശേഖരണവും ഇത്തരം ഇ-ബുക്കുകൾ വായിക്കുന്നതിനായുള്ള സംവിധാനവും ഇവിടെ ഒരുക്കിയിട്ടുണ്ട്. 20 പേർക്ക് ഒരേ സമയം ഉപയോഗിക്കാൻ കഴിയുന്ന വിധത്തിൽ ഡിജിറ്റൽ ലൈബ്രറിയും അതോടൊപ്പം സജ്ജീകരിച്ചിട്ടുണ്ട്.

**സ്മാർട്ട് ക്ലാസ്റൂം സംവിധാനം** : 30 പേർക്കുള്ള ഇരിപ്പിട സൗകര്യത്തോടുകൂടി ഡിജിറ്റൽ ഡിസ്പ്ലേ ഉൾപ്പെടെ സജ്ജീകരിച്ച സ്മാർട്ട് ക്ലാസ്റൂം സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ലാപ്ടോപ്പുകളുടെ വിതരണവും ഇൻസ്റ്റലേഷനും, ഇന്ററാക്ടിവ് ഫ്ലാറ്റ് പാനൽ ഡിസ്പ്ലേ, യുപിഎസ്, നെറ്റ്‌വർക്കിംഗ് ഘടകങ്ങൾ, ഇലക്ട്രിഫിക്കേഷൻ, മുറിയുടെ ഇന്റീരിയർ ജോലികൾ, കസേരകളുടെ വിതരണം മുതലായ ജോലികളെല്ലാം തന്നെ സിസ്റ്റം ഇന്റഗ്രേഷൻ ഡിപ്പാർട്ടമെന്റ് മുഖേനയാണ് നടപ്പിലാക്കിയത്.

# C-DIT Marks 35 Years of Excellence in Service







Celebrating its 36th Foundation Day, the Centre for Development of Imaging Technology (C-DIT) reflects on a rich legacy in the Information and Communication Technology (ICT) sector, focusing on science, development communication, and technology services.

The 36th foundation day was held at KSSTM Planetarium, Thiruvananthapuram. The event was inaugurated by Dr. Rathan U Kelkar IAS, Secretary, Electronics & IT Department on 14th December 2023. The Keynote Address was delivered by Dr. Saji Gopinath, Vice Chancellor of Digital University of Kerala. G Levin, Chief Executive Officer of KERALA SPACEPARK (KSPACE), Jayaraj G, Director of C-DIT and Jayadev Anand A. K, Registrar of C-DIT, took part in the event.

The relaunch of the IMAGES newsletter published by C-DIT was also held at the event. The redesigned and updated newsletter was revealed by Dr. Rathan U. Kelkar handing over to Smt. Kala MI, Assistant Manager (Stores), C-DIT. The newsletter aims to bring updates about the activities of all divisions and departments of C-DIT.

Over the last three and a half decades, C-DIT has been playing a pivotal role in chronicling the evolution of ICT, from the early days of personal computing to the contemporary era marked by immersive XR experiences, the influential impact of Big Data analytics, the dynamic landscape of Digital Media, and the intersection of technology with the humanities in digital form. The 35-year journey underscores C-DIT's commitment to providing insightful analysis and comprehensive perspectives on how these technological advancements translate into tangible benefits for the community.

Looking ahead, the future of the ICT sector promises unparalleled benefits for the community. This includes transformative XR applications set to revolutionize education and entertainment, democratized access to information through data insights, amplification of diverse voices in media, and the cultivation of a more informed and engaged society through development communication. The path forward involves a commitment to continuous updates, rediscovering oneself, and finding innovative, society-specific solutions to achieve these goals.



# കുറഞ്ഞ ചെലവിലൊരു ചൊവ്വാ യാത്ര !



ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ AR/VR സാങ്കേതികവിദ്യ ഉപയോഗിച്ച് സി-ഡിറ്റാണ് പ്രദർശനം തയ്യാറാക്കിയിട്ടുള്ളത്

ഭൂമിയിൽ നിന്ന് ചൊവ്വയിലേക്ക് ഒരു യാത്ര... വളഞ്ഞും തിരിഞ്ഞുമുള്ള യാത്ര... അതും സ്വന്തമായി നിശ്ചയിച്ചുറപ്പിച്ച റൂട്ടിന്റെ അടിസ്ഥാനത്തിൽ... അതിനൊപ്പം ചൊവ്വയെ കുറിച്ചുള്ള വിവരണവും കേൾക്കാം. ചൊവ്വയിൽ മാത്രമല്ല, ബുധനിലും ശുക്രനിലും ഭൂമിയിലുമെല്ലാം യാത്രചെയ്യാം. ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ തയാറാക്കിയിരിക്കുന്ന വെർച്വൽ റിയാലിറ്റി സ്റ്റുഡിയോയിലാണ് ഇത്തരം ഒരു സംവിധാനം ഒരുക്കിയിരിക്കുന്നത്. AR/VR സാങ്കേതികവിദ്യയിൽ സി-ഡിറ്റാണ് പ്രദർശനം തയ്യാറാക്കിയത്.

ബഹിരാകാശ സഞ്ചാരികളാകാൻ ആഗ്രഹിക്കുന്നവർക്ക് ഗ്രഹങ്ങളെപ്പറ്റി മനസിലാക്കാൻ ഇതിലൂടെ വളരെയെളുപ്പത്തിൽ സാധിക്കും. ബഹിരാകാശ കാഴ്ചകളെ കൂടാതെ വെർച്വൽ റിയാലിറ്റി ഗെയിമുകളും ഇതോടൊപ്പം സജ്ജമാക്കിയിട്ടുണ്ട്. രണ്ടായിരത്തോളം വർഷം പഴക്കമുള്ളത് മുതൽ പുതുതായി കണ്ടെത്തിയത് വരെയുള്ള നക്ഷത്രങ്ങളുടെ കാഴ്ചകളായ സ്കൈതിയറ്ററും സ്റ്റാർ പ്രൊജക്റ്ററും വ്യത്യസ്തമായ അനുഭവമാണ്. ഭൂമിയിൽ നിന്നു കൊണ്ടു തന്നെ മറ്റു ഗ്രഹങ്ങളിലേക്ക് എത്തിപ്പെടാൻ എളുപ്പമാർഗമാണ് ഈ സഞ്ചാരം. ഒപ്പം ബഹിരാകാശത്തെപ്പറ്റി കൂടുതൽ കാര്യങ്ങൾ മനസിലാക്കുകയുമാകാം.

# ആധാർ ഡോക്യുമെന്റ് അപ്ഡേഷൻ; കേരളത്തെ മുന്നിലെത്തിച്ച് സി-ഡിറ്റിന്റെ സോഷ്യൽ മീഡിയ കാമ്പയിനുകൾ

ആധാർ ഡോക്യുമെന്റ് അപ്ഡേഷനിൽ ഇന്ത്യയിൽ ആദ്യ ഇരുപത് സ്ഥാനത്തിനുള്ളിൽ കേരളത്തിലെ 14 ജില്ലകളും ഇടം നേടി. 2023 സെപ്റ്റംബർ വരെയുള്ള ഭാരതീയ സവിശേഷ തിരിച്ചറിയൽ അതോറിറ്റി (UIDAI) യുടെ കണക്കു പ്രകാരമാണ് ഈ നേട്ടം. തുടക്കം മുതൽ ഇതുവരെയുള്ള കാലയളവിൽ മലപ്പുറം, എറണാകുളം, കണ്ണൂർ, ജില്ലകൾ ഇന്ത്യയിൽ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളിലും എത്തിയിട്ടുണ്ട്. ഈ അഭിമാന നേട്ടത്തിൽ സി-ഡിറ്റ് ഐ.ടി.മിഷനായി ചെയ്ത സോഷ്യൽ മീഡിയ കാമ്പയിനും ചെറുതല്ലാത്ത പങ്കുണ്ട്.

പത്ത് വർഷമോ അതിൽ കൂടുതലോ കാലയളവിനുള്ളിൽ തിരുത്തലുകൾ വരുത്താത്ത ആധാറുകളിൽ ഡോക്യുമെന്റ് അപ്ഡേറ്റ് നടത്താൻ UIDAI യുടെ സംവിധാനം സെപ്റ്റംബർ 2022 ലാണ് നിലവിൽ വന്നത്. ആധാറിലെ നിലവിലുള്ള വിവരങ്ങൾക്ക് അനുസരിച്ചുള്ള തിരിച്ചറിയൽ രേഖ (Proof of Identity), മേൽ വിലാസ രേഖ (Proof of Address) എന്നിവ അപ്ഡേറ്റ് ചെയ്യുന്നതാണ് ഡോക്യുമെന്റ് അപ്ഡേറ്റ്. ഈ സംവിധാനം അക്ഷയ സെന്ററുകൾ, മറ്റു ആധാർ കേന്ദ്രങ്ങൾ, UIDAI യുടെ ഓൺലൈൻ പോർട്ടൽ എന്നിവ മുഖാന്തിരം ലഭ്യമാണ്.




ഡോക്യുമെന്റ് അപ്ഡേറ്റിന്റെ ഭാഗമായി കേരള സംസ്ഥാന ഐ.ടി മിഷനും ജില്ലാ കളക്ടറേറ്റുകളും അക്ഷയ ജില്ലാ ഓഫീസുകളും നിരവധി കാമ്പയിനുകൾ സംഘടിപ്പിച്ചിരുന്നു. അതോടൊപ്പം സോഷ്യൽ മീഡിയയിലൂടെ ചെയ്ത ക്രിയേറ്റീവ് പോസ്റ്ററുകൾ, ചെറു വീഡിയോകൾ തുടങ്ങിയവ ശക്തമായ ബോധവത്കരണം നൽകുന്നതിന് സഹായകമായി. ദേശീയതലത്തിൽ ഈ നേട്ടം കേരളത്തിന് അഭിമാനമാകുന്നതാണ്.

# കോർപ്പറേറ്റ് പരിശീലനം നൽകി സൈബർശ്രീ

ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജീവനക്കാർക്കായി സി-ഡിറ്റ് സൈബർശ്രീ വിഭാഗം സോഫ്റ്റ്‌വെയർ പരിശീലനം നൽകി. 2024 മാർച്ച് 11 മുതൽ 23 വരെ കൈമനം സ്റ്റേറ്റ് അക്കാദമി ഓഫ് സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷനിലാണ് പരിശീലനം നടന്നത്.

പി എച്ച് പി ലാറാവലിൽ 10 ദിവസത്തെ ഒന്നാം ഘട്ട അഡ്വാൻസ്ഡ് പരിശീലനമാണ് നൽകിയത്. പരിശീലനം പൂർത്തിയാക്കിയവർക്ക് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർ ശ്രീ. ശ്രീകുമാർ ബി, സി-ഡിറ്റ് ഡയറക്ടർ ശ്രീ. ജയരാജ് ജി. എന്നിവർ ചേർന്ന് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.





# അത്യാധുനിക പ്രിന്റിംഗ് മെഷീൻ സ്വിച്ച് ഓൺ കർമ്മവും ടാക്സ് ലേബൽ പ്രകാശനവും

ഒഐ പി & എസ് പി ഡിവിഷനിൽ പുതിയ പ്രൊഡക്ഷൻ യൂണിറ്റ് ഉദ്ഘാടനവും അത്യാധുനിക- അതിവേഗ ക്യു ആർ കോഡ് അധിഷ്ഠിത പ്രിന്റിംഗ് മെഷീൻ സ്വിച്ച് ഓൺകർമ്മവും എക്സൈസ് കമ്മീഷണർ ശ്രീ. മഹിപാൽ യാദവ് ഐ.പി.എസ്. നിർവഹിച്ചു.

22 വർഷമായി സി-ഡിറ്റ് കൈകാര്യം ചെയ്തുവരുന്ന പ്രോജക്റ്റിൽ ഇതുവരെ 950 കോടിയിൽപരം സുരക്ഷാ ലേബലുകൾ നിർമിച്ചിട്ടുണ്ട്. 2009 ൽ HMAI ബെസ്റ്റ് ടാക്സ് സ്റ്റാമ്പ് പ്രോജക്ട് അവാർഡ്, 2013 ൽ ഡിസൈൻ ചെയ്ത ലേബലിന് ആസ്ട്രിയയിൽ നടന്ന ഇന്റർനാഷണൽ



ഇന്ത്യൻ നിർമിത വിദേശ മദ്യവിൽപ്പനയ്ക്കായി എക്സൈസ് വകുപ്പിന് മദ്യക്കുപ്പികളിൽ പതിപ്പിക്കുന്നതിനായി സി-ഡിറ്റ് തയ്യാറാക്കിയ ഒട്ടേറെ സവിശേഷതകളുള്ള പുതിയ ടാക്സ് ലേബലിന്റെ പ്രകാശനം 2024 മാർച്ചിൽ ബഹു. എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. എം. ബി. രാജേഷ് നിർവഹിച്ചു. ഇതുമായി ബന്ധപ്പെട്ട് സി-ഡിറ്റും എക്സൈസ് വകുപ്പും ബിവറേജസ് കോർപറേഷനും സംയുക്ത കരാറിലേർപ്പെട്ടു.

ക്യൂ ആർ കോഡ് ആലേഖനം ചെയ്ത ടാഗന്റ് അധിഷ്ഠിത ഹോളോഗ്രാഫിക് ടാക്സ് ലേബലിന്റെ ഏറ്റവും വലിയ സവിശേഷത ട്രാക്ക് ആൻഡ് ട്രേയ്സ് സൗകര്യങ്ങളുണ്ടെന്നതാണ്. മദ്യക്കുപ്പികൾ ബിവറേജസ് കോർപറേഷന്റെ വെയർഹൗസിൽ നിന്നും എങ്ങോട്ട് പോകുന്നുവെന്നും എവിടെ എത്തിയെന്നതും അറിയാൻ സാധിക്കും. നികുതിവെട്ടിപ്പ് പൂർണമായി ഒഴിവാക്കാനും ഇതിലൂടെ സാധിക്കും. ഏതുസമയത്തും മദ്യത്തിന്റെ ഗുണമേന്മ പരിശോധിക്കാനും ദുരുപയോഗ സാധ്യത പൂർണമായി ഒഴിവാക്കാനും സാധിക്കും.

ടാക്സ് സ്റ്റാമ്പ് ഫോറത്തിൽ **'എക്സലൻസ് ഇൻ ടാക്സ് സ്റ്റാമ്പ് ഡിസൈൻ അവാർഡ്'** എന്നിവ ലഭിച്ചിരുന്നു. ഹോളോഗ്രാം പ്രൊഡക്ഷനിലും സെക്യൂരിറ്റി പ്രിന്റിംഗിലും മികവിന്റെ അടിസ്ഥാനത്തിൽ 2009 ൽ സി-ഡിറ്റിനെ സംസ്ഥാന സർക്കാരിന്റെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറായി അംഗീകരിച്ചു.

ഇപ്പോൾ നൽകിവരുന്ന 15 ഓളം സുരക്ഷാ സങ്കേതങ്ങൾ ചേർന്ന ഹോളോഗ്രാം അധിഷ്ഠിത അതീവ സുരക്ഷാ ടാക്സ് ലേബലിൽ 30 ഓളം സുരക്ഷാ സങ്കേതങ്ങൾ ചേർത്ത് പരിഷ്കരിച്ച രണ്ടാം പതിപ്പാണ് പുതുതായി നൽകുന്നത്. ഇതിലുപയോഗിച്ച സാങ്കേതിക വിദ്യ വിശദീകരിക്കാൻ 2024 ഏപ്രിലിൽ പോർച്ചുഗലിൽ നടന്ന 'ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ഒപ്ടിക്കൽ ആന്റ് ഡിജിറ്റൽ ഡോക്യുമെന്റ് സെക്യൂരിറ്റി- ODDS 2024 ൽ വകുപ്പ് മേധാവി ഡോ. സാജൻ അമ്പാടി പങ്കെടുത്തു.

സ്പെഷ്യൽ ആർട്ടിക്കിൾ

# കേരളത്തിന്റെ ദൃശ്യമഹോത്സവത്തിന് മിഴിവേകി

## സി-ഡിറ്റ് ജൈത്രയാത്ര തുടരുന്നു







ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള (ഐ എഫ് എഫ് കെ) ലോകത്തിന് മുന്നിൽ കേരളത്തിന്റെ അഭിമാനമായി എക്കാലവും നിലനിൽക്കുന്നതാണ്. ആഗോള സിനിമകളുടെ ഫ്രെയിം കേരളത്തിന്റെ തിരശ്ശീലയിൽ പതിഞ്ഞതിന് പിന്നിൽ സാങ്കേതിക മികവിന്റേയും മനുഷ്യ അധ്വാനത്തിന്റേയും വലിയ പിൻബലമുണ്ട്. കേരള ചലച്ചിത്ര അക്കാദമിയോടൊപ്പം 2017 മുതൽ സി-ഡിറ്റ് ഐ എഫ് എഫ് കെയുടെ ഓർഗനൈസിംഗ് പാർട്ണറായി ഈ വലിയ ഉദ്യമത്തിന്റെ കൂടെയുണ്ട്. മികച്ച ദൃശ്യാനുഭവം പകരാനും മേളയുടെ സുഗമമായ നടത്തിപ്പിനുമായി മികച്ച പിന്തുണയാണ് സി-ഡിറ്റ് നൽകി വരുന്നത്.

2017 ജൂണിൽ നടന്ന ഇന്റർനാഷണൽ ഡോക്യുമെന്ററി ആൻഡ് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള (ഐ ഡി എസ് എഫ് എഫ് കെ) യിലാണ് ആദ്യമായി സി-ഡിറ്റ് അവതരിപ്പിച്ച സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡെലിഗേറ്റ് രജിസ്ട്രേഷൻ ആരംഭിക്കുന്നത്. അതേ വർഷം ഡിസംബറിൽ നടന്ന ഐ എഫ് എഫ് കെ യിൽ ഡെലിഗേറ്റ് രജിസ്ട്രേഷന് പുറമേ വെബ്സൈറ്റ് അപ്ഡേഷനും പാസ് പ്രിന്റിംഗും തിയേറ്റർ മാനേജ്മെന്റും ആരംഭിച്ചു.

സാങ്കേതിക പിന്തുണയോടൊപ്പം തന്നെ ഉള്ളടക്കത്തിന്റെ നിർമ്മിതിയിലും സി-ഡിറ്റ് പ്രധാന പങ്ക് വഹിക്കുന്നുണ്ട്. മേളയെപ്പറ്റിയുള്ള സമഗ്ര വിവരങ്ങൾ അടങ്ങിയ വെബ്സൈറ്റിന്റെ കൃത്യമായ അപ്ഡേഷനുകൾ സി-ഡിറ്റ് ചെയ്തുവരുന്നു. സീറ്റ് റിസർവേഷനും ബാർകോഡ് സ്കാൻ ചെയ്ത് ഡെലിഗേറ്റുകളെ തീയേറ്ററിലേക്ക് പ്രവേശിപ്പിക്കുന്നതും ഉൾപ്പെടെ തീയേറ്റർ മാനേജ്മെന്റിനുള്ള സമഗ്രമായ സാങ്കേതിക സഹായം സി-ഡിറ്റ് നൽകുന്നുണ്ട്. റിസർവേഷനുമായും രജിസ്ട്രേഷനുമായും ബന്ധപ്പെട്ടുണ്ടാകുന്ന പരാതികളും യഥാസമയം പരിഹരിക്കുന്നു.

2018 ലെ ഐ എഫ് എഫ് കെ യ്ക്ക് ആദ്യമായി സ്പോട്ട് രജിസ്ട്രേഷനും സ്പോട്ട് പ്രിന്റിംഗും ആരംഭിച്ചു. ഓൺലൈനായി ഡെലിഗേറ്റ് രജിസ്ട്രേഷൻ ചെയ്യാൻ കഴിയാത്തവർക്ക് ഈ സൗകര്യം ഏറെ ഗുണം ചെയ്തു. മേളയിൽ പങ്കാളിത്തം വർധിക്കുകയും ചെയ്തു. വെബ്സൈറ്റിലൂടെ എന്നപോലെ തന്നെ സ്ക്രീനിംഗ് വിശദാംശങ്ങളും സിനിമാ റിസർവേഷനും എല്ലാം ലഭ്യമായ മൊബൈൽ ആപ്ലിക്കേഷനും സി-ഡിറ്റ് അവതരിപ്പിച്ചു. മേളയിൽ പ്രേക്ഷകർക്ക് ഇഷ്ടപ്പെട്ട സിനിമയ്ക്ക് വോട്ട് ചെയ്യാനുള്ള പോളിംഗ് സോഫ്റ്റ്‌വെയറും സി-ഡിറ്റിന്റെ ഉത്പന്നമാണ്.

ഓഖിയുടെ പശ്ചാത്തലത്തിലാണ് 2019 ലെ ഐ എഫ് എഫ് കെ നടന്നത്. അത്തവണ ഏതാനും ദിവസത്തേക്ക് മാത്രമായും ഡെലിഗേറ്റ് പാസുകൾ അനുവദിച്ചു. മേളയുടെ ഏതെങ്കിലും രണ്ടോ മൂന്നോ ദിവസത്തേക്ക്, അതിനനുസൃതമായ ഫീസ് നൽകി ഡെലിഗേറ്റ് പാസുകൾ എടുക്കാൻ അവസരം നൽകി.

ലോകം മുഴുവൻ കോവിഡ് നിശ്ചലമാക്കിയ 2020 വർഷം ഐ ഡി എസ് എഫ് എഫ് കെ ഓഗസ്റ്റിൽ ഓൺലൈനായി നടന്നു. ഡെലിഗേറ്റ് രജിസ്ട്രേഷൻ മുതൽ ഓൺലൈൻ പ്രൊജക്ഷൻ വരെയുള്ള എല്ലാ കാര്യങ്ങളും സി-ഡിറ്റ് വളരെ ഭംഗിയായി നിർവ്വഹിച്ചു. സാങ്കേതികതികവിന്റെ മികച്ച മാതൃകയായി ഓൺലൈനായി നടന്ന ഐ ഡി എസ് എഫ് എഫ് കെ യുടെ വിജയം.

2020 ലെ ഐ എഫ് എഫ് കെ 2021 ഫെബ്രുവരി-മാർച്ച് മാസങ്ങളിലായിയാണ് നടന്നത്. കോവിഡ് നിയന്ത്രണങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും വീഴ്ചയില്ലാതെ സിനിമാസ്വാദനം സാധ്യമാക്കാൻ ചരിത്രത്തിലാദ്യമായി ഐ എഫ് എഫ് കെ തിരുവനന്തപുരത്തും ജില്ലയ്ക്ക് പുറത്തുമായി നാല് സ്ഥലങ്ങളിൽ സംഘടിപ്പിക്കപ്പെട്ടു. തിരുവനന്തപുരം, എറണാകുളം, തലശ്ശേരി, പാലക്കാട് എന്നിവിടങ്ങളിലായി 60 ദിവസത്തോളം നീണ്ടുനിന്ന മേളയുടെ ഡെലിഗേറ്റ് രജിസ്ട്രേഷനും പാസ് പ്രിന്റിംഗും പാസ് വിതരണവും സി-ഡിറ്റ് നിർവ്വഹിച്ചു.

2022 ജനുവരിയിൽ 2021 ലെ ഐ എഫ് എഫ് കെ യും ഡിസംബറിൽ അക്കൊല്ലത്തെ ഐ എഫ് എഫ് കെ യും സംഘടിപ്പിക്കപ്പെട്ടു. ഒരു വർഷം തന്നെ രണ്ട് മേളകൾ സംഘടിപ്പിക്കുകയെന്നത് അത്യന്തം ശ്രമകരമായിരുന്നു. 2021 ൽ ഐ എഫ് എഫ് കെ യ്ക്കും ഐ ഡി എസ് എഫ് എഫ് കെ യ്ക്കും വേണ്ടി വെബ് പോർട്ടൽ വികസിപ്പിച്ചു. ഇതിൽ മേളയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും കൃത്യമായി കൂട്ടിച്ചേർത്ത് വരുന്നു.

ഒപ്പം വേറെയും ചലച്ചിത്ര മേളകൾ സംഘടിപ്പിക്കപ്പെട്ട വർഷമായിരുന്നു 2022. ആഗസ്റ്റിൽ നടന്ന ഐ ഡി എസ് എഫ് എഫ് കെ യ്ക്ക് പുറമേ ജൂണിൽ കോഴിക്കോട് വിമെൺസ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലും (ഡബ്ല്യു ഐ എഫ് എഫ് കെ) 2022 ഡിസംബറിൽ ഹാപ്പിനെസ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലും സംഘടിപ്പിക്കപ്പെട്ടു. 2023 ഫെബ്രുവരിയിൽ നടന്ന കോട്ടയം ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിലും മാർച്ചിൽ ആലപ്പുഴയിൽ വച്ച് നടന്ന ഡബ്ല്യു ഐ എഫ് എഫ് കെ യിലും ജൂണിൽ നടന്ന ഐ ഡി എസ് എഫ് എഫ് കെ യിലും ഡിസംബറിലെ ഐ എഫ് എഫ് കെ യിലുമെല്ലാം സി-ഡിറ്റ് കൃത്യതയോടെ പങ്കുകൊണ്ടു. ലോകത്തിന്റെ നാനാഭാഗത്ത് നിന്നും കേരളത്തിലെ ദൃശ്യ മഹോത്സവത്തിൽ പങ്കെടുക്കാൻ ആളുകൾ എത്തുമ്പോൾ മികച്ച അനുഭവം ലഭ്യമാക്കാൻ പ്രതിജ്ഞാബദ്ധമായി സി-ഡിറ്റ് ഒപ്പം തന്നെയുണ്ട്.

## ഇവന്റ് മാനേജ്മെന്റിൽ പൂർണതയുടെ മികവ്

വിവിധ സർക്കാർ വകുപ്പുകളുടേയും സ്ഥാപനങ്ങളുടെയും പൊതുപരിപാടികളുടെ ഇവന്റ് മാനേജ്മെന്റ് ദൗത്യം ഏറ്റെടുത്ത് മികവോടെ അവ നിർവഹിച്ച് പ്രശംസകൾ ഏറ്റുവാങ്ങുകയാണ് സി-ഡിറ്റിന്റെ മീഡിയ ക്യാമ്പയിൻ സൊല്യൂഷൻ ഡിപ്പാർട്ട്മെന്റ്.



കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (KSIDC), കുടുംബശ്രീ, വനിതാ ശിശു വികസന വകുപ്പ്, വനിതാ വികസന കോർപ്പറേഷൻ, അനർട്ട്, എനർജി മാനേജ്മെന്റ് സെന്റർ, സാമൂഹ്യ നീതി വകുപ്പ്, കില, പട്ടികജാതി വികസന വകുപ്പ്, ഭക്ഷ്യ സുരക്ഷാ വകുപ്പ് തുടങ്ങി വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കുമായി 34 മീഡിയാ ക്യാമ്പയിൻ - ഇവന്റ് മാനേജ്മെന്റ് പ്രോജക്ടുകളാണ് ഈ വർഷം സി-ഡിറ്റ് നിർവഹിച്ചത്.

# C-Dit Regional Centres; Decentralising Support for E-governance

## Kayamkulam

C-DIT Regional Centre Kayamkulam has been at the forefront of implementing innovative projects and activities to catalyze government transactions and improve service delivery. The **FRIENDS** Janasevanakendrams simplify government transactions, providing a single-window facility for efficient service delivery. **The Token Queue Management System**, now used in approximately 1500 hospitals and government offices, helps in crowd control and service efficiency. Additionally, the new CDIT-Associated Educational Programme (CAEP) offers quality IT education through add-on and certificate courses in 23 colleges. In addition to these ongoing projects, CDIT Kayamkulam has ventured into various other significant works, such as the implementation of CCTV projects, online entrance examinations, electoral roll printing for elections, CEP and the MVD project.

## Ernakulam

C-DIT Regional Centre, Ernakulam has served as a vital asset for implementing and providing localized support for various e-governance projects since 2012. The centre is also responsible for implementing CCTV solutions for local self-government (LSG) Departments, Indian Navy and many others. The Centre coordinates the printing of electoral rolls in the Ernakulam, Idukki, Alappuzha, and Kottayam districts. The center also amplifies the services by offering specialized support for various major Online Entrance Exams including KEAM Entrance 2024.

Moreover, in addition to these projects, the Regional Centre, Ernakulam, also coordinates digitization works of various Sub Registrar Offices, technical support for FRIENDS and RTO Projects.

## Kannur

C-DIT Regional Centre in Kannur has proven to be a critical asset in various high-impact projects over the past year. It played a key role in the statewide electoral roll printing for Kannur, Kasaragod, Kozhikode, and Wayanad districts and provided essential technical support for the KEAM online examination. The centre's collaboration with the Surveillance Department has enabled the implementation of advanced CCTV solutions for Local Self-Government Departments (LSGDs) and other institutions. Additionally, it has spearheaded the digitization of Sub-Registrar Offices in Kasaragod and Kannur and provided technical support for the FRIENDS and MVD projects.





ET Government
DIGITECH AWARDS '23

# Kerala's Suneethi portal won Silver at ET Government DigiTech Awards

The Suneethi portal, developed by the Kerala Government's Social Justice Department, has won the Silver Award for Digital Transformation in the Social Sector at the ET Government DigiTech Awards 2023. The award was presented at the 4th DigiTech Conclave & Award Ceremony on 5th August 2023 in Goa.

Launched on August 10, 2021, Suneethi is a citizen-centric portal offering efficient service delivery to marginalized sections of society, including Persons with Disabilities, Senior Citizens, Transgender individuals, and Probation beneficiaries. The portal offers a one-stop solution for the general public to access information about various beneficiary schemes, submit applications online, and track the status of their applications.

By digitizing 30 individual beneficiary schemes, the portal has transformed the way services are delivered, moving from a traditional process to a transparent and time-bound G2C (Government to Citizen) model. The role of C-DIT has been contributory in designing and maintaining this innovative platform.

This prestigious award is a testament to the Kerala Government's commitment to making the best use of technology for the welfare of its citizens. The Suneethi portal stands as a shining example of how digital transformation can empower marginalized communities and improve the quality of life.

# Events & Achievements




**Technopark team visited C-DIT on August 19, for discussions focusing on advancing the digital and technological landscape of Thiruvananthapuram**

Col. Sanjeev Nair, CEO of Technopark, met the Director and Registrar of C-DIT, to discuss strategies for advancing the digital and technological development of Trivandrum city.

The C-DIT team felicitated by the Industries department officers for the excellent arrangements made for the **Robotics summit,** held at Kochi during 23-24 August 2024.





C-DIT received the Special Jury Award for this year's **Bhashapratibha Puraskaram** organized by the Malayalam Mission. The award was distributed at the event, Malayanma held at Vyloppilly Sanskriti Bhavan, Thiruvananthapuram on February 21, 2024.

**Two day Technician Training Programme**

Green Energy Technology Department conducted 21st batch of Two day technician training programme to Technicians and Electricians in the field of Solar Photovoltaics including design, customization and installation of Solar Photovoltaic Power plants.





The 12th Edition of **Digital Transformation Conclave** was held on 24th November 2023 in Leh in collaboration with the Information Technology Department, UT of Ladakh as a Host Partner. The theme for the 12th Edition of the Digital Transformation Conclave was **"Exploring the Latest Trends, Challenges, and Success Stories."** The conclave focused on the unique challenges and opportunities faced by the public sector in adopting digital technologies to enhance governance, service delivery, and citizen engagement.

CDIT received the award for the category of Government **Initiatives in Health Tech for the project - Ashadhara - an online platform for Blood Disorder Registry** developed for NHM - for Hemophilia, Sickle Cell Anaemia and Thalassemia patients in the state of Kerala.

The prestigious award was received by Shri. Biju S.B, Deputy Director and Shri. Anoop V C, Project Lead.





C-DIT took part in the **'Animation & More Summit'** held at NESCO Mumbai on September 3rd and 4th, 2024. The event served as a platform for professionals in the animation industry, including animators, VFX artists, game developers, and content creators. It featured workshops, panel discussions, and masterclasses focused on the latest trends and technologies like AR and VR. A team of four staff members from CDIT, led by Karthikeyan S, HOD(Animation & Digital Archieves Department) attended the summit and facilitated the Kerala Pavilion.

**C-DIT conducted the Awareness programme on the Solar City Project**

As the part of the **Solar City project** (A project for the implementation of 1000MW solar power plant in decentralised model for the residential users in Thiruvananthapuram Corporation) awareness classes were conducted in 11 wards of the capital city on installing solar power plants for domestic users in collaboration with the Municipal Corporation and Residents Associations. Around 300 participants attended the program.

